# നീര ചെത്താൻ പെൺസംഘം

## പയിമ്പ്രയിലെ തൊഴിലാളി കൂട്ടായ്മ ശ്രദ്ധനേടുന്നു

**വാസുദേവൻ കുപ്പാട്ട്**
കോഴിക്കോട്

വനിതാ വാരാചരണ വേളയിൽ ശാക്തീകരണത്തിന്റെ വേറിട്ട വഴി തേടുകയാണ് പയിമ്പ്രയിലെ വനിതാ കൂട്ടായ്മ. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നീര സംസ്കരണ വ്യവസായത്തിന് മുന്നിട്ടിറങ്ങിയിരിക്കുകയാണ് കോഴിക്കോട് ജില്ലയിലെ പയിമ്പ്ര എന്ന ഗ്രാമത്തിലെ വനിതകൾ. തെങ്ങിൽ കയറി നീര ചെത്താനും മറ്റ് സംസ്കരണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യാനും വനിതകൾ സ്വയം പര്യാപ്തത തേടുകയാണ്. പയിമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷന്റെ കീഴിലാണ് വനിതകൾ നീര ചെത്താൻ തുടങ്ങിയിരിക്കുന്നത്. പതിനെട്ട് നാളികേര ഉൽപാദക സംഘങ്ങൾ അടങ്ങിയതാണ് ഫെഡറേഷൻ. വീട്ടമ്മമാരായ റിജില,വിദ്യ, ഗീത, ഷീന എന്നിവരാണ് നീര ചെത്തുന്ന സംഘത്തിലുള്ളത്. ഫെഡറേഷന്റെ കീഴിൽ 20 പേർക്കാണ് നീര ചെത്താനുള്ള പരിശീലനം നൽകുന്നത്. അവശേഷിക്കുന്നവർ പുരുഷന്മാരാണ്.


*നീര ചെത്താൻ വനിതകൾ തെങ്ങിൻ മുകളിൽ*

സി.കെ തൻസീർ

പയിമ്പ്രയിൽ 20 തെങ്ങുകളിൽ നിന്നാണ് ഇപ്പോൾ നീര ചെത്തുന്നത്. 1500 തെങ്ങുകളിൽ നിന്ന് നീര ചെത്തുന്നതിനുള്ള ലൈസൻസ് എക്സൈസ് വകുപ്പിൽ നിന്ന് ഫെഡറേഷന് ലഭിച്ചിട്ടുണ്ട്. 42 ദിവസത്തെ പരിശീലനമാണ് നീര ചെത്തുന്നവർക്ക് നൽകുന്നത്. ടെക്നീഷ്യന്മാർ എന്നാണ് ഇവർ അറിയപ്പെടുന്നത്. 45 വയസ്സിന് താഴെ പ്രായമുള്ള ആർക്കും പരിശീലനം നൽകാമെന്നായിരുന്നു ഫെഡറേഷന്റെ നിലപാട്. പുരുഷന്മാർക്ക് ഒപ്പം സ്ത്രീകളും നീര ചെത്താൻ എത്തുകയായിരുന്നു. കോരപ്പുഴ കോക്കനട്ട് ഫെഡറേഷനിൽ നിന്ന് നീര ചെത്തുന്നതിൽ വൈദഗ്ധ്യം നേടിയ അനിതാബാബുവാണ് ഇവർക്ക് പരിശീലനം നൽകുന്നത്. രാവിലെയും ഉച്ചക്കും വൈകുന്നേരവും മൂന്ന് തവണയായിട്ടാണ് നീര ചെത്തുന്നത്. തെങ്ങിൻകുല ഒരു ബ്ലേഡിന്റെ കനത്തിൽ ചെത്തിയെടുക്കുകയാണ് ചെയ്യുന്നത്. കള്ള് ചെത്തുന്നവർ മണ്ണ് കൊണ്ടുള്ള പാത്ര(മാട്ട)മാണ് കള്ള് ശേഖരിക്കാൻ ഉപയോഗിക്കുന്നതെങ്കിൽ നീര എടുക്കുന്നവർ പ്ലാസ്റ്റിക് കേൻ ആണ് ഉപയോഗിക്കുന്നത്. രാവിലെയാണ് നീര ശേഖരിക്കുക. ഗ്ലൗസ്, ടിഷ്യൂ പേപ്പർ എന്നിങ്ങനെയുള്ള ഉപകരണങ്ങളുമായാണ് നീര ചെത്തുന്നവർ തെങ്ങിൽ കയറുന്നത്. പ്രാണികളും മറ്റും നീരയിൽ എത്താതിരിക്കാനുള്ള സംവിധാനവും സ്വീകരിക്കുന്നുണ്ട്. ഒരു തെങ്ങിൽ നിന്ന് നാല് ലിറ്റർ എന്ന തോതിൽ ഇപ്പോൾ നീര ലഭിക്കുന്നുണ്ട്.

സ്ത്രീകൾക്കുവേണ്ടി നീളം കുറഞ്ഞ തെങ്ങുകൾ പ്രത്യേകം തെരഞ്ഞെടുക്കുകയായിരുന്നു. തെങ്ങുകളിൽ ചകിരി ഉപയോഗിച്ച് സ്റ്റെപ്പ് കെട്ടിയിട്ടുണ്ട്. അതിൽ ചവുട്ടിയാണ് കയറുക. ആദ്യഘട്ടത്തിൽ ഭയവും ആശങ്കയും ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ തെങ്ങിൽ കയറാൻ ഒരു പ്രയാസവുമില്ലെന്ന് ഇവർ പറയുന്നു. പരിശീലനം പൂർത്തിയാകുന്ന മുറക്ക് ഇവർക്ക് സ്ഥിരം നിയമനം നൽകുമെന്ന് ഫെഡറേഷൻ പ്രസിഡണ്ട് പി. അരവിന്ദൻ പറഞ്ഞു. ഫെഡറേഷന്റെ നീര സംഭരണം പരിശോധിക്കാൻ നാളികേര വികസന ബോർഡിലെ ഉദ്യോഗസ്ഥരും എത്താറുണ്ട്.

പയിമ്പ്രയിൽ നീര സംഭരണം നല്ല നിലയിൽ പുരോഗമിക്കുന്നതായി നാളികേര വികസന ബോർഡിലെ ഉദ്യോഗസ്ഥ വിജില പറഞ്ഞു. നീര സംഭരണവും സംസ്കരണവുമായി നിരവധി കർഷക കൂട്ടായ്മകൾ ഉണ്ടെങ്കിലും വനിതകൾ ഇതിനായി മുന്നോട്ട് വന്നത് പയിമ്പ്രയുടെ പ്രത്യേകതയാണെന്ന് ഇവർ പറയുന്നു. പരിശീലനം കഴിഞ്ഞാൽ ആറുമാസം പ്രബേഷൻ ആയിരിക്കും. പിന്നീട് സ്ഥിരം നിയമനം ലഭിച്ചാൽ പ്രതിമാസം 10,000 മുതൽ 15,000 രൂപ വരെ ശമ്പളം കിട്ടുമെന്നാണ് ഫെഡറേഷൻ നൽകുന്ന വാഗ്ദാനം.